ട്രെയിൻ യാത്രക്കാരുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടി

21 (*142) ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ :
ശ്രീ. എളമരം കരീം :
ശ്രീ. എ. അലിഹസ്സൻ :
ശ്രീ. സെബാസ്റ്റ്യൻ പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ട്രെയിൻ യാത്രക്കാരുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം കേന്ദ്രസർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചുവോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനത്ത് ട്രെയിൻ യാത്രക്കാരുടെ എണ്ണം പതിൻമടങ്ങ് വർദ്ധിച്ചിട്ടും കൂടുതൽ ട്രെയിനുകൾ ഓടിക്കുന്നതിനോ നിലവിലുള്ള ട്രെയിനുകളിലെ കോച്ചുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനോ കേന്ദ്ര സർക്കാർ ഒരു നടപടിയും സ്വീകരിക്കുന്നില്ലെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടുവോ ; എങ്കിൽ ഇക്കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഡി) സംസ്ഥാനത്ത് സർവീസ് നടത്തുന്ന പല ട്രെയിനുകളിലും ജനറൽ കമ്പാർട്ടുമെന്റുകൾ ഒന്നോ രണ്ടോ മാത്രമായി ചുരുക്കിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടുവോ ; എങ്കിൽ ജനറൽ കമ്പാർട്ടുമെന്റുകളുടെ എണ്ണം വർദ്ധിപ്പിക്കേണ്ടതുണ്ടെന്ന് കരുതുന്നുണ്ടോ ;

(ഇ) ജനറൽ കമ്പാർട്ടുമെന്റുകളുടെ എണ്ണം വർദ്ധിപ്പിക്കാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ ;

(എഫ്) സംസ്ഥാനത്ത് ഓടുന്ന ട്രെയിനുകൾ പഴയ ബോഗികൾ ഘടിപ്പിച്ചവയാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടുവോ ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി. കെ. നാണു) :

(എ) കരുതുന്നുണ്ട്.

(ബി) ട്രെയിൻ യാത്രക്കാരുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതുൾപ്പെടെയുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നിരവധി നിവേദനങ്ങൾ കേന്ദ്ര റെയിൽവേ മന്ത്രിക്കയച്ചിട്ടുണ്ട്.

(സി) യാത്രക്കാരുടെ എണ്ണം വർദ്ധിക്കുന്നതനുസരിച്ച് പുതിയ ട്രെയിനുകൾ അനുവദിക്കണമെന്നും കോച്ചുകളുടെ എണ്ണം കൂട്ടണമെന്നും പല ഘട്ടങ്ങളിലായി റെയിൽവേ മന്ത്രാലയത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ഇപ്പോൾത്തന്നെ ട്രാക്കുകളുടെ ശേഷിയിൽ വളരെക്കൂടുതൽ ട്രെയിനുകളാണ് ഓടുന്നതെന്നും തിരുവനന്തപുരം സ്റ്റേഷനും എറണാകുളം സ്റ്റേഷനും വികസിപ്പിക്കാതെ കൂടുതൽ ട്രെയിനുകൾ ഓടിക്കാൻ നിർവാഹമില്ലെന്നുമാണ് അറിയാൻ കഴിഞ്ഞത്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ കമ്പാർട്ടുമെന്റുകളുടെ എണ്ണം 26 -ൽ കൂടുതൽ ആക്കാൻ പദ്ധതിയുണ്ടെന്ന് റെയിൽവേയിൽ നിന്നും അറിയാൻ കഴിഞ്ഞു. അങ്ങനെയാവുമ്പോൾ കൂടുതൽ ജനറൽ കമ്പാർട്ടുമെന്റുകൾ അനുവദിക്കാൻ സാദ്ധ്യതയുള്ളതായും അറിഞ്ഞു.

(ഇ) സമ്മർദ്ദം ചെലുത്തുന്നതാണ്.

(എഫ്) സംസ്ഥാനത്ത് ഓടുന്ന ട്രെയിനുകളിൽ കൂടുതലും പഴയതാണെന്നു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കണമെന്ന് നേരത്തെ ആവശ്യപ്പെട്ടിട്ടുണ്ട്. ഇനിയും ആവശ്യപ്പെടുന്നതാണ്.

തിരുവനന്തപുരം നഗരത്തിലെ ഗതാഗതക്കുരുക്ക് പരിഹരിക്കാൻ നടപടി

22 (*143) ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ :
ശ്രീ. കടകംപള്ളി സുരേന്ദ്രൻ :
ശ്രീ. ജി. സുധാകരൻ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം നഗരത്തിലെ ഗതാഗത കുരുക്ക് പരിഹരിക്കുന്നത് സംബന്ധിച്ച് ഗതാഗത വകുപ്പ് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ ഏത് ഏജൻസിയെ കൊണ്ടാണ് പ്രസ്തുത പഠനം നടത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ബി) തിരുവനന്തപുരം നഗരത്തിലെ ഗതാഗത കുരുക്കിന് പരിഹാരം കാണാൻ എന്തൊക്കെ പ്രധാന നിർദ്ദേശങ്ങളാണ് പഠന റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) ഗതാഗത കുരുക്ക് പരിഹരിക്കാൻ സബ്വേകൾ നിർമ്മിക്കേണ്ടതുണ്ടെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ എവിടെയൊക്കെയാണ് സബ്വേകൾ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഇ) തിരുവനന്തപുരം നഗരത്തിലെ സബ്വേകളുടെ നിർമ്മാണം ആരംഭിച്ചുവോ ; എങ്കിൽ എവിടെയൊക്കെ എന്ന് വ്യക്തമാക്കുമോ ;

(എഫ്) തിരുവനന്തപുരം നഗരത്തിലെ ഗതാഗത കുരുക്ക് പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങളടങ്ങിയ പഠന റിപ്പോർട്ട് സർക്കാർ അംഗീകരിച്ചുവോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി. കെ. നാണു)

(എ) 1995-96 -ൽ ട്രിഡ ആവശ്യപ്പെട്ടതിൻപ്രകാരം നാട്പാക് പഠനം നടത്തുകയുണ്ടായി. ഇപ്പോൾ കൺസൾട്ടന്റ് എഞ്ചിനീയറിംഗ് സർവീസസ് പഠനം നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly